# KERALA CATHOLIC BISHOP'S COUNCIL (KCBC)

## TEMPERANCE COMMISSION

### (KCBC Madhya Virutha Samithy)

Pastoral Orientation Centre, Palarivattom P.O., Cochin-682025, Kerala, India
Ph: 9447023347, E-mail: johnareekal@rediffmail.com; prasadkuruvilla444@gmail.com

*State Secretary*
**Fr. John Areekal**

*State Secretary*
**Prasad Kuruvilla**
KCBC Madhya Virutha Samithy


<u>പ്രസിദ്ധീകരണത്തിന്</u>

# ബെവ്കോയുടെ പരസ്യവീഡിയോയി ക്കെതിരെ ശക്തമായ നടപടി വേണം.

## കെ.സി.ബി.സി. നിയമനടപടികളിലേക്ക്

പൊതുജനത്തെ മദ്യശാലകളിലേക്ക് ആകര്‍ഷിക്കാന്‍ കടുത്ത അബ്കാരി ചട്ടലംഘനം നടത്തി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യവീഡിയോ പുറത്തുവിട്ട സംസ്ഥാന ബിവറേജസ് കോര്‍പ്പറേഷനെതിരെ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള കാത്തലിക് ബിഷപ്സ് കൗണ്‍സില്‍ മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃയോഗം ആവശ്യപ്പെട്ടു. ബെവ്കോയുടെ നിയമലംഘനങ്ങള്‍ക്കെതിരെ നിയമനടപടികളിലേക്ക് കടക്കും.

കേരള അബ്കാരി ആക്ട് (1) 1077 സെക്ഷന്‍ 55H പ്രകാരം ഗുരുതരമായ ചട്ടലംഘനത്തിന് ആറ് മാസം തടവോ പിഴയോ രണ്ടും കൂടിയോ ബെവ്കോ അധികാരികള്‍ക്ക് ലഭിക്കാവുന്ന കുറ്റമാണിത്.

ഒരു സ്ത്രീ ബെവ്കോയ്ക്കുവേണ്ടി ലൈംഗിക ചുവയോടെ ടിക്ടോക് മാധ്യമം മുഖേന നടത്തുന്ന പരാമര്‍ശങ്ങളാണ് വിവാദമായിരിക്കുന്നത്. കുടിക്കൂ... വരൂ.... ക്യൂവിലണിചേരൂ!!! ആഢംബരങ്ങള്‍ക്ക് കൈത്താങ്ങാകൂ!!! എന്ന കേരള സ്റ്റേറ്റ് ബിവറേജസ് കോര്‍പ്പറേഷന്റെ ലോഗോയോടുകൂടിയ പരസ്യമാണ് കടുത്ത നിയമലംഘനമായി കെ.സി.ബി.സി. ചൂണ്ടിക്കാട്ടുന്നത്.

മനുഷ്യന്റെ മദ്യാസക്തിയെന്ന ബലഹീനതയെ സർക്കാരും ബെവ്കോയും ചൂഷണം ചെയ്യുകയാണ്. സർക്കാരിന് 2024-25 വർഷത്തിൽ മദ്യനയമില്ല. 'കട്ടപ്പുറത്തെ നയ'മാണ് സർക്കാർ നടപ്പിലാക്കുന്നത്. പൊതുജനത്തിന്റെ ശാരീരിക-മാനസിക ആരോഗ്യത്തിന് തെല്ലും വിലകല്പിക്കുന്നില്ല. യഥേഷ്ടം മദ്യശാലകൾ അനുവദിച്ച് തേരോട്ടം തുടരുകയാണ് സർക്കാർ. നയം രൂപീകരിക്കാതെ നാഥനില്ലാ കളരിയാകുകയാണ് എക്സൈസ് വകുപ്പ്.

എം.ഡി.എം.എ. പോലുള്ള മാരക രാസലഹരികൾ സംസ്ഥാനത്ത് യഥേഷ്ടം എത്തിച്ചേരുകയും ദുരുപയോഗം ചെയ്യപ്പെടുകയുമാണ്. സ്കൂൾ കുട്ടികളെപോലും വാഹകരും ഉപയോക്താക്കളുമായി ലഹരിമാഫിയ മാറ്റുന്നു. ഈയൊരു അവസ്ഥയ്ക്ക് സർക്കാർ തടയിടണം. അല്ലാത്തപക്ഷം മാനസിക രോഗികളുടെ നാടായി മാറും കേരളം.

മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തിയോഡോഷ്യസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള, ഭാരവാഹികളായ വി.ഡി. രാജു, സി.എക്സ്. ബോണി, ഫാ. സണ്ണി മഠത്തിൽ, ഫാ. ആന്റണി അറയ്ക്കൽ, കെ.പി. മാത്യു, അന്തോണിക്കുട്ടി ചെതലൻ, റോയി ജോസ്, ടോമി വെട്ടിക്കാട്ട്, തോമസുകുട്ടി മണക്കുന്നേൽ, സിബി ഡാനിയേൽ, തോമസ് കോശി, ഫാ. ദേവസി പന്തല്ലൂക്കാരൻ, ആന്റണി ജേക്കബ് ചാവറ, മേരി ദീപ്തി എന്നിവർ പ്രസംഗിച്ചു.

ഫോട്ടോ അടിക്കുറിപ്പ്

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃ സമ്മേളനം കൊച്ചി പാലാരിവട്ടം പി.ഒ.സിയിൽ മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയോഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു. പ്രസാദ് കുരുവിള, ഫാ. ജോൺ അരീക്കൽ, ബോണി സി.എക്സ്, വി.ഡി. രാജു, ഫാ. ദേവസി പന്തല്ലൂക്കാരൻ, ഫാ. ആന്റണി അറയ്ക്കൽ, ആന്റണി ജേക്കബ്, അന്തോണിക്കുട്ടി ചെതലൻ, സിബി ഡാനിയേൽ, തോമസ് കോശി, തോമസുകുട്ടി മണക്കുന്നേൽ, റോയി ജോസ്, ഫാ. സണ്ണി മഠത്തിൽ എന്നിവർ സമീപം.


MADYA VIMUKTHA SABHAYUM SAMOOHAVUM · P.O.C. · PALARIVATTOM · KOCHI · STATE COMMITTEE · KCBC MADYA VIRUDHA SAMITHY

**പ്രസാദ് കുരുവിള**
(സംസ്ഥാന സെക്രട്ടറി)
ഫോൺ: **9446084464, 7012013212**


കൊച്ചി, 17.09.2024